# Holy Voice

## Parish Bullettin


## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

പി.ഒ.മാടായിക്കോണം 680 712, തൃശ്ശൂർ ജില്ല

ഫോൺ :0480 2822740

രക്ഷാധികാരി
**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

മാനേജിംഗ് എഡിറ്റർ
**റവ.ഫാ.ജോസ് മാളിയേക്കൽ**
ഫോൺ : 0480 2826192, 9446628250

പുസ്തകം 8 ഫെബ്രുവരി 2014



**എഡിറ്റർ**
ജോർജ് എറാട്ടുകാരൻ 9605666658

**സെക്രട്ടറി**
ജോസഫ് കാച്ചപ്പിള്ളി 9400878280

**സബ് എഡിറ്റർ**
ജെസ്റ്റിൻ മംഗലത്ത് 9747552251

**അഡ്വർടൈസ്മെന്റ് മാനേജർ:**
ജെയിംസ് നെല്ലിശ്ശേരി 9447466548


**ട്രഷറർ**
അനൂപ് ബേബി അറയ്ക്കൽ 9947272633

**എഡിറ്റോറിയൽ ബോർഡ്**
റവ.സി.വെൽസാ മരിയ FCC 2822935
ജോഷി മഞ്ഞളി 9895467530
ആന്റണി കള്ളാപറമ്പിൽ 9447240089
അനന്ത് അറയ്ക്കൽ 9846567891
ബീന തോമസ് ചേറേങ്ങാടൻ 9048244810
ക്രിസ്റ്റി പോളി ആഴ്ച്ചങ്ങാടൻ 9747941924

**ട്രസ്റ്റിമാർ**
ജോസ് ചെങ്ങാലൂക്കാരൻ 9747725558
ജോസഫ് കാച്ചപ്പിള്ളി 9400878280
സൈമൺ ചാക്കോര്യ 8547424191


### പേജുകളിലൂടെ...


| | |
|---|---|
| ഇടവക ഡയറി | 2 |
| എഡിറ്റോറിയൽ | 3 |
| പള്ളി വാർഷികാഘോഷം | 4 |
| ഇടയശബ്ദം | 7 |
| എന്തുനല്ലമ്മ...എന്നുടെ അമ്മ | 11 |
| കുടുംബ സമ്മേളനങ്ങൾ | 12 |
| വിശുദ്ധരുടെ ജീവിതത്തിലൂടെ | 15 |
| ഇതാണെന്റെ അമ്മ | 21 |
| തൃശ്ശൂർപെരുമ, മതബോധനം | 22 |
| സഭാവാർത്തകൾ | 25 |
| ബാലപംക്തി – വിശ്വാസ വീരന്മാർ | 26 |
| ജാലകത്തിലൂടെ | 27 |
| ക്വിസ് മത്സരം | 28 |
| പിന്നിട്ട ലോകം | 29 |
| പുൽനാമ്പിൻ സ്പന്ദനം | 30 |
| കളറിംഗ് മത്സരം | 33 |
| ബൈബിൾ കലണ്ടർ | 36 |

# ഹോളി ക്രോസ്



## നവനിർമ്മിത ദൈവാലയം രജത ജൂബിലി

1989 Feb. 05 2014 Feb. 05



## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

### പാരിഷ് ബുള്ളറ്റിൻ

ഫെബ്രുവരി 2014

| തിയ്യതി | സമയം | ഇടവക ഡയറി – ഫെബ്രുവരി 2014 |
|---|---|---|
| 02 | | ദനഹാകാലം നാലാം ഞായർ<br>ഈശോയുടെ ദൈവാലയ സമർപ്പണം |
| 07 | | മാസാദ്യ വെള്ളിയാഴ്ച ആചരണം |
| 08 | 3.00 p.m. | മാതൃസംഘം മീറ്റിങ്ങ് |
| 09 | <br>8.00 a.m. | ദനഹാകാലം അഞ്ചാം ഞായർ<br>പ്രതിനിധിയോഗം |
| 14 | | വെള്ളിയാഴ്ച ആചരണം |
| 16 | | ദനഹാകാലം ആറാം ഞായർ |
| 21 | | വെള്ളിയാഴ്ച ആചരണം |
| 23 | <br>3.30 p.m.<br><br><br>7.00 p.m. | ദനഹാകാലം - ഏഴാം ഞായർ<br>ഇടവകദിനാഘോഷം : കൃതജ്ഞതാ ദിവ്യബലി- മുഖ്യകാർമ്മികൻ മാർ പോളി കണ്ണൂക്കാടൻ; പൊതുസമ്മേളനം, മുൻ വികാരിമാരെയും മുൻ കൈക്കാരന്മാരെയും ആദരിക്കൽ, സ്നേഹവിരുന്ന്.<br>നാടകം - "കിനാവിൽ ഒരു കളിവീട്" -<br>അവതരണം : "സോപാനം തിയറ്റേഴ്സ്", തിരുവനന്തപുരം |
| 28 | | വെള്ളിയാഴ്ച ആചരണം |

ഫാ. ജോസ് മാളിയേക്കൽ, വികാരി & റെക്ടർ

## സ്വാഗതം..!

## കുരിശുമുത്തപ്പന്റെ ദൈവാലയത്തിലേക്ക്....



**ഫാ. ജിന്റോ ചിറയത്ത് CMI**

1086 വർഷത്തെ ചരിത്രമുള്ള മാപ്രാണം മാർസ്ലീവാ പള്ളിയിലേക്ക് ആദ്യമായി ഇതാ ഒരു കൊച്ചച്ചൻ. ഈ ദൈവാലയത്തിന്റെ സമ്പന്നമായ ചരിത്രത്തിൽ ഫാ. ജിന്റോ ചിറയത്തിന്റെ പേരും ചേർക്കപ്പെടുന്നു. മാപ്രാണം ഇടവകസമൂഹം ഫാ. ജിന്റോ ചിറയത്തിന് നിറഞ്ഞ സന്തോഷത്തോടെ, പ്രാർത്ഥനാപൂർവ്വം സ്വാഗതമരുളുന്നു.

# എഡിറ്റോറിയൽ



പ്രിയമുള്ളവരെ,

പുതുവർഷത്തിന്റെ ആഘോഷങ്ങളെല്ലാം കഴിഞ്ഞിരിക്കുന്നു ലക്ഷ്യബോധത്തിലൂന്നിക്കൊണ്ടുള്ള കർമ്മനിരതയിലേക്ക് നാം എത്തപ്പെടുന്നു. ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം തിരുപ്പിറവി വാഗ്ദാനം ചെയ്ത സന്തോഷം ഉള്ളം നിറഞ്ഞു നിൽക്കുന്നു. അത് അനർഘവും വിവരണാതീതവുമാകണമെങ്കിൽ ഉണ്ണീശോ നമ്മുടെ ഹൃദയങ്ങളിലായിരിക്കണം ജനിച്ചിരിക്കേണ്ടത്. അതിനു കുറഞ്ഞ പക്ഷം സന്മനസ്സിന്റെ കുഞ്ഞു പുൽക്കൂടുകൾ നമ്മൾ ഒരുക്കണമായിരുന്നു. മോഹവലയങ്ങളുടെ അഗാധതയിൽ ഉൾപ്പെട്ടിരിക്കുന്ന നമുക്കൊക്കെ അതിനെവിടെ സമയം? ഇവിടെയാണ് നമ്മുടെ ജീവിതത്തിന്റെ പരാജയം ആരംഭിക്കുന്നത്. കുടുംബ പ്രാർത്ഥനകളിലും ദിവ്യകാരുണ്യത്തിലും നാം സ്വാംശീകരിക്കാൻ ശ്രമിച്ച ദൈവപിതാവിന്റെ അചഞ്ചല സ്നേഹം മോഹഭംഗങ്ങൾക്ക് വഴിമാറികൊടുക്കപ്പെടുന്നു. സ്വാർത്ഥലക്ഷ്യങ്ങൾ നിറഞ്ഞു നിൽക്കുന്ന ഈ യാചനകൾ തമ്പുരാന് എങ്ങനെ നിറവേറ്റാനാകും? അതിനും കുറ്റം അവനിൽ ചാർത്താനല്ലാതെ വിലയിരുത്തലുകൾക്ക് നാമൊരുക്കമല്ലല്ലോ. സുഖസന്തോഷങ്ങളെല്ലാം തന്നെ നമുക്കുവേണ്ടിയാകണമെന്നും അന്യന്, എന്തിനേറെ സ്വന്തം സഹോദരനുവരെ അവ അനുഭവവേദ്യമാകരുതെന്നും ചിന്തിക്കുന്നവന്റെ മനസ്സിൽ എങ്ങിനെ തമ്പുരാന് കുടിയിരിക്കാനാവും? പ്രാർത്ഥനകളിൽ ശ്രേഷ്ഠമായ 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ....' എന്ന പ്രാർത്ഥനയിൽ ഒന്നും എനിക്കു വേണ്ടിയെന്നല്ല ഞങ്ങൾക്കു തരണമേ എന്നാണപേക്ഷ. തമ്പുരാൻ പഠിപ്പിക്കുന്നതതാണ്. ക്രൈസ്തവൻ ഒറ്റയ്ക്ക് നിൽക്കേണ്ടവനല്ലെന്നും കൂട്ടായ്മയാണ് അവന്റെ മുഖമുദ്രയെന്നും ഓർമ്മപ്പെടുത്തുന്നു. ഓരോരുത്തർക്കും ഒന്നിച്ചു നിൽക്കാൻ ഒരു കുടുംബമുണ്ട്. അവിടെ നിന്നും അതുവളർന്ന് കുടുംബകൂട്ടായ്മകളിലേയ്ക്കും പള്ളിയിലേയ്ക്കും ക്രൈസ്തവ സഭയിലേയ്ക്കും എത്തപ്പെടുന്നു. ഈ ഐക്യത്തിലേയ്ക്കുള്ള വളർച്ചയാണ് നമ്മുടെ വളർച്ച. ഈ തിരിച്ചറിവ് നമ്മളെ ദൈവത്തിലേയ്ക്ക് കൂടുതൽ അടുപ്പിക്കുകയും നമുക്കിടയിലെ ഏത് തരത്തിലുള്ള അസമത്വങ്ങളെയും കുറച്ചുകൊണ്ടുവരികയും ചെയ്യുന്നു. പരസ്പരം ക്ഷമിക്കുവാനും സ്നേഹിക്കുവാനും ഉള്ളുതുറന്നു ചിരിയ്ക്കുവാനും നമ്മെ പ്രാപ്തരാക്കുന്നു. ഏറ്റിപ്പിടിച്ച മുഖത്തിൽ നിന്നും സുസ്മേരതയിലേയ്ക്കു വളരാൻ നമുക്കു ശ്രമിക്കാം. അജപാലന ദൗത്യവുമായി നമ്മുടെ രൂപതയെ നയിച്ചുകൊണ്ടിരിക്കുന്ന അഭിവന്ദ്യ പോളി പിതാവിന് 'ഹോളിവോയ്സ്' കമ്മിറ്റിയ്ക്കുവേണ്ടി പ്രാർത്ഥനാപൂർവ്വം ജന്മദിനാശംസകൾ നേരുന്നു.

സ്നേഹപൂർവ്വം, **ജോർജ്ജ് എറാട്ടുകാരൻ** (എഡിറ്റർ)



## മാപ്രാണത്ത് പള്ളി സ്ഥാപിതമായതിന്റെ 1086–ാം വാർഷികവും നവ നിർമ്മിത ദൈവാലയത്തിന്റെ 25–ാം വാർഷികവും ഇടവക ദിനാഘോഷവും

**2014 ഫെബ്രുവരി 23 ഞായറാഴ്ച 3.30 p.m.ന്**

വിശുദ്ധ കുരിശിന്റെ പ്രതിഷ്ഠയിൽ ഭാരതത്തിലെ ആദ്യ ക്രൈസ്തവ ദൈവാലയമാണ് A.D. 928ൽ സ്ഥാപിതമായ മാപ്രാണം പള്ളി. ഇരിങ്ങാലക്കുട രൂപതയിലെ ഔദ്യോഗിക തീർത്ഥാടന ദൈവാലയം എന്ന നിലയിലേയ്ക്കു വളർന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിരവധി അംഗീകാരങ്ങൾ ലഭിച്ച് വളർച്ചയുടെ പാതയിലൂടെ മുന്നേറുകയാണ് മാപ്രാണം ഹോളിക്രോസ് ഇടവക. മാപ്രാണം ഇടവകാംഗമാണ് എന്നതിൽ നമുക്കഭിമാനം കൊള്ളാം.

2014 ഫെബ്രുവരി 23–ാം തിയ്യതി ഞായറാഴ്ച നമുക്കെല്ലാവർക്കും ഒരു സുദിനമാണ്. ഒരു ദൈവാലയം സ്ഥാപിതമായതിന്റെ 1086–ാം വാർഷികം ആഘോഷിക്കുക എന്നത് അപൂർവ്വമായി സംഭവിക്കുന്ന ഒരു സൗഭാഗ്യമാണല്ലോ. ഒപ്പം ഇപ്പോഴത്തെ ദൈവാലയത്തിന്റെ രജത ജൂബിലിയും ഇടവക ദിനവും നമ്മൾ സംയുക്തമായി ആഘോഷിക്കുകയാണ്. വൈകീട്ട് 3.30ന് ആഘോഷമായ കൃതജ്ഞതാ ദിവ്യബലിയ്ക്ക് മുഖ്യകാർമ്മികനാകുന്നത് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവാണ്. ഈ ദൈവാലയത്തിൽ സേവനമനുഷ്ഠിച്ചവരും ഇപ്പോൾ ജീവിച്ചിരിക്കുന്നവരുമായ ബഹു. വൈദികർ സഹകാർമ്മികരാകും.

ദിവ്യബലിയ്ക്കു ശേഷം പള്ളിയങ്കണത്തിൽ ചേരുന്ന സമ്മേളനത്തിൽ വച്ച് മുൻ വികാരിമാരേയും മുൻ കൈക്കാരന്മാരേയും ഉപഹാരം നൽകി ആദരിക്കുന്നതാണ്. മാപ്രാണം ഇടവക സമൂഹത്തിന് അവരോടുള്ള കടപ്പാടും നന്ദിയും സ്നേഹവും പ്രകടിപ്പിക്കുകയാണ് ഈ ചടങ്ങിലൂടെ. മുഴുവൻ ഇടവക സമൂഹവും പങ്കുചേരുന്ന സ്നേഹവിരുന്നും ഉണ്ടായിരിക്കും. തുടർന്ന് 7 മണിക്ക് 2013 ലെ ഏറ്റവും പ്രശസ്തമായ നാടകങ്ങളിലൊന്നായ തിരുവനന്തപുരം സോപാനം തിയ്യറ്റേഴ്സിന്റെ 'കിനാവിൽ ഒരു കളിവീട്' അവതരിപ്പിക്കും. ഈ കലാവിരുന്നോടെ ആഘോഷപരിപാടികൾ അവസാനിക്കുന്നു.

വികാരി & റെക്ടർ




യേശുവിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

ഈശോയുടെ പരസ്യ ജീവിത ചൈതന്യം മനസ്സിലാക്കിത്തരുന്ന ദനഹ കാലഘട്ടത്തിന്റെ ആഴ്ചകളിലൂടെയാണല്ലോ നമ്മൾ കടന്നുപോകുന്നത്. യേശു തന്റെ പരസ്യ ജീവിതവും ദൗത്യവും ആരംഭിച്ചത് സ്നാപക യോഹന്നാനിൽ നിന്ന് ജോർദ്ദാൻ നദിയിൽവച്ച് മാമ്മോദീസ സ്വീകരിച്ചുകൊണ്ടാണ്. പാപരഹിതനായി ജനിച്ച ഈശോ പാപമോചനത്തിനായുള്ള മാമ്മോദീസ സ്വീകരിക്കുവാൻ തയ്യാറാവുകയായിരുന്നു. അതുവഴി യേശു ലോകത്തിന് മുഴുവൻ മാതൃകയായിത്തീരുകയും അവിടുത്തെ മഹത്വം ലോകത്തിന് വെളിപ്പെടുത്തപ്പെടുകയും ചെയ്തു. മാമ്മോദീസയുടെ ശേഷം സ്വർഗ്ഗം തുറക്കപ്പെട്ടു. "ഇവൻ എന്റെ പ്രിയപുത്രൻ! ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു". (മത്തായി 3:17) എന്ന ദിവ്യ വചസ്സുകൾ യേശുവിന്റെ വ്യക്തിത്വ പ്രഭയുടെ പ്രകാശനവും മാമ്മോദീസായിലൂടെ കർത്താവായ യേശുവിൽ വിശ്വസിച്ചു ദൈവ മക്കളാകുവാൻ ഭാഗ്യം ലഭിക്കുന്നവരുടെ വ്യക്തിത്വവും വെളിപ്പെടുന്ന വാക്കുകളാണ്. ദൈവാത്മാവിനാൽ വെളിപ്പെടുത്തപ്പെട്ട ചൈതന്യ വിശേഷമായിരുന്നു യേശുവിൽ എപ്പോഴും പ്രകടമായിരുന്നത്.

പിതാവായ ദൈവത്തിന്റെ ഇഷ്ടം നിർവഹിച്ചുകൊണ്ട് ദൈവപുത്ര സ്ഥാനത്തിന്റെ മഹത്വം പകർന്നു ജീവിക്കുകയായിരുന്ന യേശു തന്റെ ജീവിതത്തിലുടനീളം. ഇത് സാർത്ഥകമാകുന്ന വാക്കുകളാണ് ഏശയ്യാ പ്രവാചകന്റെ പ്രവാചകവചസ്സുകളെ ഉദ്ധരിച്ചുകൊണ്ട് ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത്. "കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു". (ലൂക്കാ 4:18-19) ഈ തിരുവെഴുത്തുകൾ ഇപ്പോൾ നിറവേറ്റപ്പെട്ടിരിക്കുന്നുവെന്ന് യേശു പ്രസ്താവിക്കുകയും ചെയ്തു. സുവിശേഷം മുഴുവൻ അപഗ്രഥിക്കുമ്പോൾ ഈ ചൈതന്യമാണ് നമുക്കു കാണാൻ കഴിയുക.

വിശുദ്ധ മാമ്മോദീസായിലൂടെ ദൈവപുത്രരാകുവാൻ ഭാഗ്യം ലഭിച്ചവരുടെ ജീവിതം ഈ കൃപയുടെ ചൈതന്യത്തിൽ ദൈവമക്കൾക്ക് യോജിച്ച വിധമാണോ നമ്മൾ നയിക്കുന്നതെന്ന് പരിശോധിക്കണം. ദൈവ

വചനം വായിക്കുവാനും ഗ്രഹിക്കുവാനും വിശുദ്ധകൂദാശകൾ സ്വീകരിക്കുവാനും ദൈവാരൂപിയിൽ നയിക്കപ്പെടുന്നവരാകുവാനും നമുക്ക് കഴിയുന്നുണ്ടോ? യേശുവിനെപ്പോലെ ദൈവമക്കൾക്ക് യോജിച്ച ജീവിതരീതിയാണോ നമ്മുടെ ജീവിതം? ഞാൻ സുഖമായിട്ട് ജീവിക്കുമ്പോൾ മറ്റുള്ളവർ എങ്ങിനെയെങ്കിലും ആയിക്കൊള്ളട്ടെ എന്നതാണോ നമ്മുടെ ചിന്ത? ഒരു നേരത്തെ ആഹാരത്തിന് വകയില്ലാതെയും ഒരു കൊച്ചു വീടുവയ്ക്കുവാൻ ഒരു തുണ്ടു ഭൂമി സ്വന്തമായില്ലാതെയും വേദനിക്കുന്നവർ നമ്മുടെ സമൂഹത്തിലില്ലേ? അവരെ കാണാതെയും കേൾക്കാതെയും സ്വന്തം സുഖത്തിനുവേണ്ടി സമ്പന്നതയുടെ കൊടുമുടിയിലേറുന്നവരാണോ നമ്മൾ?

സത്യത്തിനും നീതിയ്ക്കും കരുണയ്ക്കും വേണ്ടി നമ്മുടെ സഹോദരങ്ങൾ നിലവിളിക്കുമ്പോൾ നമ്മുടെ കണ്ണുകളും കാതുകളും അടച്ചുകളയുകയാണോ നമ്മൾ?. നമുക്ക് നിദ്ര വിട്ടുണരാം. നമ്മുടെ മുഖംമൂടികൾ അഴിച്ചുമാറ്റാം. എല്ലാം യഥാർത്ഥമായി കാണുവാൻ കഴിവുനേടാം. ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട മക്കളുടെ ജീവിതം നമുക്ക് ജീവിക്കാം. മാമ്മോദീസായുടെ ചൈതന്യം ഉൾക്കൊണ്ട് ആത്മാവിനാൽ നവീകരിക്കപ്പെട്ട് സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സാക്ഷികളാകാം നമുക്ക്. അങ്ങിനെ മറ്റുള്ളവർക്ക് നന്മയുടെ വഴികാട്ടുന്ന നക്ഷത്ര വിളക്കുകളാകാം.

പ്രിയപ്പെട്ടവരെ, നമ്മുടെ ഇടവക ദൈവാലയം സ്ഥാപിതമായിട്ട് 1086 വർഷങ്ങൾ പൂർത്തിയായിരിക്കുകയാണ്. വിശുദ്ധ കുരിശിന്റെ പ്രതിഷ്ഠയിലുള്ള ഭാരതത്തിലെ ആദ്യത്തെ ദൈവാലയം നമ്മുടേതാണ്. വിശുദ്ധ കുരിശിന്റെ സംരക്ഷണവും സഹായവും കുരിശുമുത്തപ്പന്റെ അനുഗ്രവും സ്വീകരിച്ചു വളരുവാൻ സാധിച്ചതിൽ നമുക്ക് ദൈവത്തിന് നന്ദിയർപ്പിക്കാം. ഇന്നു കാണുന്ന പുതിയ ദൈവാലയം ആശീർവദിച്ചിട്ട് 25 വർഷം പൂർത്തിയാവുകയാണ്. ദൈവം നമുക്കു നൽകിയ ഈ വലിയ കൃപകൾ ഓർക്കുവാനും നന്ദിയർപ്പിക്കുവാനുമായി ഫെബ്രുവരി 23-ാം തിയ്യതി ഞായറാഴ്ച ഇടവക ദിനമായി ആഘോഷിക്കുകയാണ്. അന്നേദിവസം ഉച്ചതിരിഞ്ഞ് 3.30ന് നടത്തപ്പെടുന്ന കൃതജ്ഞതാബലിയിലും പൊതുസമ്മേളനത്തിലും സ്നേഹവിരുന്നിലും കലാവിരുന്നിലും നമ്മൾ പങ്കുചേരണം. നമ്മുടെ ഇടവകയുടെ കൂട്ടായ്മ വർധിപ്പിക്കുവാനും സ്നേഹസമൂഹമായി വളരുവാനും ഈ ആഘോഷ പരിപാടികൾ സഹായകമാകട്ടെ.

നമ്മുടെ ഇടവകയുടെ ചരിത്രത്തിൽ ആദ്യമായി ഒരു കൊച്ചച്ചൻ, ബഹുമാനപ്പെട്ട ജിന്റോ ചിറയത്ത് C.M.I. ഫെബ്രുവരി 1ന്എത്തുകയാണ്. അച്ചന്റെ സമർപ്പിത പൗരോഹിത്യ ജീവിതയാത്രയിൽ നല്ല ഓർമ്മകൾ കാത്തുസൂക്ഷിക്കുവാനും ക്രൂശിതനായ മിശിഹായുടെ ജീവിതശൈലി ഉൾക്കൊണ്ട് ദൈവത്തിനും ദൈവജനത്തിനും വേണ്ടി അർപ്പിക്കപ്പെടുവാനും ഇവിടുത്തെ ശുശ്രൂഷ അച്ചനെ സഹായിക്കട്ടെ.

വിശുദ്ധ കുരിശിന്റെ സംരക്ഷണയിൽ, യേശുവിൽ സ്നേഹപൂർവ്വം,

**ഫാ. ജോസ് മാളിയേക്കൽ,** വികാരി & റെക്ടർ

# എന്തു നല്ലമ്മ... എന്നുടെ അമ്മ

## ലൂർദ്ദുമാതാവ്
## OUR LADY OF LOURDES

സി. ക്രിസറ്റ് FCC,
മാപ്രാണം



1856 ഫെബ്രുവരി 11-ാം തിയ്യതി വ്യാഴാഴ്ച ലൂർദു ഗ്രാമത്തിലെ ഒരു ദരിദ്ര കുടുംബത്തിൽ ജനിച്ചുവളർന്ന നിരക്ഷരരായ പതിനാലുവയസ്സുകാരി ബെർണ ദിത്തായും അനുജത്തി ടാനെത്തും ഒരു കൂട്ടുകാരിയും കൂടി വിറക് ശേഖരിക്കുന്നതിന് സെബിയേൽ വനത്തിലേക്ക് പോയി. മാർഗ്ഗമദ്ധ്യേ ഉണ്ടായിരുന്ന ഒരു കൊച്ചരുവി കടക്കുന്നതിന് ആസ്മ രോഗിയായ ബെർണ്ണദിത്തയ്ക്ക് സാധ്യമല്ലാത്തതിനാൽ ഇക്കരെ തന്നെ നിന്നു. അപ്പോൾ ഒരു കാറ്റ് വീശി. അടുത്തുള്ള ഗ്രോട്ടോയിലേക്ക് ചില വൃക്ഷങ്ങളുടെ ശാഖകൾ അവളെ മാടിവിളിക്കുന്നതു പോലെ തോന്നി. കണ്ണഞ്ചിക്കുന്ന വെള്ളവസ്ത്രവും നീലനിറത്തിലുള്ള അരക്കെട്ടും തത്തുല്യമായ ഒരു ശിരോവസ്ത്രവും ധരിച്ച് ഒരു സ്വർണ്ണ മാല കൈയിലേന്തി ഒരു യുവതി ആ ഗ്രോട്ടോയിൽ നിൽക്കുന്നത് അവൾ കണ്ടു. സ്വർണ്ണ ദീപ്തിയോടുകൂടിയ ഒരു പ്രകാശം അവളുടെ പാദത്തിൽ തത്തിക്കളിയ്ക്കുന്നുണ്ടായിരുന്നു. ബെർണ്ണദീത്തയും ആ സ്ത്രീയുമൊരുമിച്ച് ജപമാല ചൊല്ലി. ത്രിത്വസ്തുതി മാത്രമെ ആ സ്ത്രീ ചൊല്ലിയുള്ളു. ജപമാലയുടെ അന്ത്യത്തിൽ പുഞ്ചിരിതൂകി സ്വല്പമൊന്നു കുനിഞ്ഞ് അവൾ തിരോധാനം ചെയ്തു. ഇങ്ങിനെ 18 പ്രാവശ്യം ബെർണ്ണദീത്തയ്ക്കു ദർശനമുണ്ടായി.

9-ാമത്തെ ദർശനത്തിൽ ഫെബ്രുവരി 25-ാം തിയ്യതി ആ സ്ത്രീ പറഞ്ഞു. "നീ ആ ഉറവയിൽ നിന്നും കുടിക്കുക, ദേഹം കഴുകുക, അവിടെ കാണുന്ന സസ്യങ്ങൾ ഭക്ഷിക്കുക". അവിടെ ഇതൊന്നും കാണാഞ്ഞതിനാൽ അവൾ അടുത്തുള്ള ഗേവു നദിയിലേക്ക് തിരിച്ചു. ഉടനെ ആ സ്ത്രീ

അവളെ വിളിച്ച് സ്ഥലം ചൂണ്ടികാണിച്ചു. ബെർണ്ണദീത്ത ആ സ്ഥലത്ത് ഇളക്കി നോക്കി. ഉടനെ അവിടെനിന്നൊരുറവ പുറപ്പെട്ടു. ആ ചളിവെള്ളം ബെർണ്ണദീത്ത കോരിക്കുടിച്ചു. അവിടെ ഉണ്ടായിരുന്ന സസ്യങ്ങൾ അവൾ ഭക്ഷിച്ചു. അവൾ പരിപൂർണ്ണ സൗഖ്യം പ്രാപിക്കുകയും ചെയ്തു. നാലു ദിവസം കഴിഞ്ഞ് അന്ധനായ ലൂറിബൂറിയറ്റ് ആ വെള്ളത്തിൽ കണ്ണു കഴു കിയപ്പോൾ അദ്ദേഹത്തിന് കാഴ്ച കിട്ടി. ദിനംപ്രതി ആ ഉറവയിൽ നിന്ന് 2,000 ഗ്യാലൻ വെള്ളം വന്നുകൊണ്ടിരുന്നു. പ്രസ്തുത ജലത്തിൽ കുളിക്കു മ്പോഴും, വി.കുർബ്ബാനയുടെ ആശീർവാദം ലഭിക്കുമ്പോഴും ഇന്നും അത്ഭുതരോഗശമനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

പ.അമ്മയുടെ തീർത്ഥാടന കേന്ദ്രങ്ങളിൽ പ്രഥമ സ്ഥാനം ലൂർദ്ദിനാണ്. ദിവസംതോറും അവിടെ ദിവ്യകാരുണ്യ പ്രദക്ഷിണവും, ജപമാല പ്രദക്ഷി ണവും നടത്തുന്നുണ്ട്. പതിനായിരക്കണക്കിന് തീർത്ഥാടകർ വന്നും പോയും മിരിക്കുന്നു.

ആത്മനാ ലൂർദ്ദിൽ പോയി ജപമാല പ്രദക്ഷിണത്തിൽ നമുക്കും പങ്കു കൊള്ളാം. ഭക്തജനസഹസ്രങ്ങളോടുകൂടെ "ആവേ, ആവേ ആവേ മരിയ" എന്ന് നമുക്കും ഏറ്റുപാടാം. ആത്മശരീര മാനസിക സൗഖ്യമുള്ളവരാ കാം. ലൂർദ്ദ്മാതാവ് നമ്മെ അനുഗ്രഹിക്കട്ടെ.

**എന്തു നല്ലമ്മ..... എന്നുടെ അമ്മ**
**എനിക്കും ഈശോയ്ക്കും ഒരേ അമ്മ... ഒരേ ഒരമ്മ.**

## ഫെബ്രുവരി മാസത്തിലെ കുടുംബസമ്മേളനങ്ങൾ

| യൂണിറ്റ് | കുടുംബനാഥന്റെ/ നാഥയുടെ പേര് | തിയ്യതി | സമയം |
|---|---|---|---|
| സെന്റ് ആന്റണീസ് | കോമ്പാറക്കാരൻ ജോണി വർഗ്ഗീസ് | 02-02-14 | 2.30 p.m. |
| ഇൻഫന്റ് ജീസസ് | വടക്കൻ ജോസഫ് ഡേവിസ് | 02-02-14 | 3.15 p.m. |
| സെന്റ് ജോസഫ് | പുളിക്കൽ ബർണാഡ് സെബി | 02-02-14 | 4.00 p.m. |
| ഹോളിക്രോസ് | കരോട്ട്പറമ്പിൽ വറീത് ജോസഫ് | 02-02-14 | 4.45 p.m. |
| സെന്റ് സെബാസ്റ്റ്യൻ | കൊടിപറമ്പിൽ ശെൽവരാജ് | 02-02-14 | 5.30 p.m. |
| ഗീവർഗ്ഗീസ് | വാഴക്കാല ജോൺ ജിജോ | 09-02-14 | 2.30 p.m. |
| സെന്റ് ജോർജ്ജ് | കാളിയങ്കര അന്തോണി യോഹന്നാൻ | 09-02-14 | 3.15 p.m. |
| സെന്റ് ജോൺ I | എരങ്ങത്തുപറമ്പിൽ റപ്പായി വർക്കി | 09-02-14 | 4.00 p.m. |
| സെന്റ് ജോൺ II | ചെങ്ങാലൂക്കാരൻ ദേവസ്സി വിൻസന്റ് | 09-02-14 | 4.45 p.m. |
| വാ. മദർതെരേസ | തട്ടിൽ ലോനപ്പൻ ജോർജ് | 09-02-14 | 5.30 p.m. |
| സെന്റ് മേരീസ് I | അറങ്ങാശ്ശേരി വറീത് ഫ്രാൻസിസ് | 16-02-14 | 2.30 p.m. |
| സെന്റ് മേരീസ് II | ചാലിശ്ശേരി വറീത് ജോൺസൺ | 16-02-14 | 3.15 p.m. |
| സെന്റ് അൽഫോൺസ | കളപറമ്പത്ത് സേവ്യർ ലോറൻസ് | 16-02-14 | 4.00 p.m. |
| സെന്റ് റോസ് | അറയ്ക്കൽ ജോണി റോസി | 16-02-14 | 4.45 p.m. |
| സെന്റ് സേവിയേഴ്സ് | തെക്കൂടൻ വർക്കി ജോൺസൻ | 16-02-14 | 5.30 p.m. |

അവളെ വിളിച്ച് സ്ഥലം ചൂണ്ടികാണിച്ചു. ബെർണ്ണദീത്ത ആ സ്ഥലത്ത് ഇളക്കി നോക്കി. ഉടനെ അവിടെനിന്നൊരുറവ പുറപ്പെട്ടു. ആ ചളിവെള്ളം ബർണ്ണദീത്ത കോരിക്കുടിച്ചു. അവിടെ ഉണ്ടായിരുന്ന സസ്യങ്ങൾ അവൾ ഭക്ഷിച്ചു. അവൾ പരിപൂർണ്ണ സൗഖ്യം പ്രാപിക്കുകയും ചെയ്തു. നാലു ദിവസം കഴിഞ്ഞ് അന്ധനായ ളൂറിബൂറിയറ്റ് ആ വെള്ളത്തിൽ കണ്ണു കഴു കിയപ്പോൾ അദ്ദേഹത്തിന് കാഴ്ച കിട്ടി. ദിനംപ്രതി ആ ഉറവയിൽ നിന്ന് 2,000 ഗ്യാലൻ വെള്ളം വന്നുകൊണ്ടിരുന്നു. പ്രസ്തുത ജലത്തിൽ കുളിക്കു മ്പോഴും, വി.കുർബ്ബാനയുടെ ആശീർവാദം ലഭിക്കുമ്പോഴും ഇന്നും അത്ഭുതരോഗശമനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

പ.അമ്മയുടെ തീർത്ഥാടന കേന്ദ്രങ്ങളിൽ പ്രഥമ സ്ഥാനം ലൂർദ്ദിനാണ്. ദിവസംതോറും അവിടെ ദിവ്യകാരുണ്യ പ്രദക്ഷിണവും, ജപമാല പ്രദക്ഷി ണവും നടത്തുന്നുണ്ട്. പതിനായിരക്കണക്കിന് തീർത്ഥാടകർ വന്നും പോയും മിരിക്കുന്നു.

ആത്മനാ ലൂർദ്ദിൽ പോയി ജപമാല പ്രദക്ഷിണത്തിൽ നമുക്കും പങ്കു കൊള്ളാം. ഭക്തജനസഹസ്രങ്ങളോടുകൂടെ "ആവേ, ആവേ ആവേ മരിയ" എന്ന് നമുക്കും ഏറ്റുപാടാം. ആത്മശരീര മാനസിക സൗഖ്യമുള്ളവരാ കാം. ലൂർദ്ദ്മാതാവ് നമ്മെ അനുഗ്രഹിക്കട്ടെ.

**എന്തു നല്ലമ്മ..... എന്നുടെ അമ്മ**
**എനിക്കും ഈശോയ്ക്കും ഒരേ അമ്മ... ഒരേ ഒരമ്മ.**

## ഫെബ്രുവരി മാസത്തിലെ കുടുംബസമ്മേളനങ്ങൾ

| യൂണിറ്റ് | കുടുംബനാഥന്റെ/ നാഥയുടെ പേര് | തിയ്യതി | സമയം |
|---|---|---|---|
| സെന്റ് ആന്റണീസ് | കോമ്പാറക്കാരൻ ജോണി വർഗ്ഗീസ് | 02-02-14 | 2.30 p.m. |
| ഇൻഫന്റ് ജീസസ് | വടക്കൻ ജോസഫ് ഡേവിസ് | 02-02-14 | 3.15 p.m. |
| സെന്റ് ജോസഫ് | പുളിക്കൽ ബർണാഡ് സെബി | 02-02-14 | 4.00 p.m. |
| ഹോളിക്രോസ് | കരോട്ട്പറമ്പിൽ വറീത് ജോസഫ് | 02-02-14 | 4.45 p.m. |
| സെന്റ് സെബാസ്റ്റ്യൻ | കൊടിപറമ്പിൽ ശെൽവരാജ് | 02-02-14 | 5.30 p.m. |
| ഗീവർഗ്ഗീസ് | വാഴക്കാല ജോൺ ജിജോ | 09-02-14 | 2.30 p.m. |
| സെന്റ് ജോർജ്ജ് | കാളിയങ്കര അന്തോണി യോഹന്നാൻ | 09-02-14 | 3.15 p.m. |
| സെന്റ് ജോൺ I | എരങ്ങത്തുപറമ്പിൽ റപ്പായി വർക്കി | 09-02-14 | 4.00 p.m. |
| സെന്റ് ജോൺ II | ചെങ്ങാലൂക്കാരൻ ദേവസ്സി വിൻസന്റ് | 09-02-14 | 4.45 p.m. |
| വാ. മദർതെരേസ | തട്ടിൽ ലോനപ്പൻ ജോർജ് | 09-02-14 | 5.30 p.m. |
| സെന്റ് മേരീസ് I | അറങ്ങാശ്ശേരി വറീത് ഫ്രാൻസിസ് | 16-02-14 | 2.30 p.m. |
| സെന്റ് മേരീസ് II | ചാലിശ്ശേരി വറീത് ജോൺസൺ | 16-02-14 | 3.15 p.m. |
| സെന്റ് അൽഫോൺസ | കളപറമ്പത്ത് സേവ്യർ ലോറൻസ് | 16-02-14 | 4.00 p.m. |
| സെന്റ് റോസ് | അറയ്ക്കൽ ജോണി റോസി | 16-02-14 | 4.45 p.m. |
| സെന്റ് സേവിയേഴ്സ് | തെക്കൂടൻ വർക്കി ജോൺസൻ | 16-02-14 | 5.30 p.m. |

ശ്രദ്ധ. മറ്റൊന്നിലും താൽപര്യം വച്ചിരുന്നില്ല. മുൻകോപവും രസക്കേടും അദ്ദേഹം വെറുത്തിരുന്നു. എല്ലാവരോടും ഒരുപോലെ സ്നേഹത്തോടും സന്തോഷത്തോടും കൂടിയാണ് അദ്ദേഹം പെരുമാറിയിരുന്നത്.

"മലയാളക്കരയിൽ ഒരു തപോവനം" എന്നത് ചാവറയച്ചന്റെ ഒരു സ്വപ്നമായിരുന്നു. കുന്നും മലയുമുള്ള, കാറ്റും വെളിച്ചവുമുള്ള, വഞ്ചിയും വണ്ടിയും വന്നെത്തുന്ന ഒരു സ്ഥലം അതാണ് മാന്നാനാം കുന്ന്. അവിടെ 1831 ൽ ആദ്യഭവനം സ്ഥാപിച്ചത് വലിയ സംരംഭങ്ങളുടെ തുടക്കമായിതീർന്നു. തുടർന്ന് അച്ചന്റെ കൈകളിലൂടെ വമ്പിച്ച മാറ്റങ്ങളായിരുന്നു മലയാളക്കരയിൽ സംഭവിച്ചത്. വിദ്യാഭ്യാസ - മാധ്യമ മേഖലകളിൽ വിലമതിക്കാനാവാത്ത സംഭാവനകളാണ് അദ്ദേഹം നൽകിയത്. എല്ലാ പള്ളികളോടുമനുബന്ധിച്ച് പള്ളികൂടങ്ങൾ അനിവാര്യമാണന്ന് അദ്ദേഹം ശാഠ്യം പിടിച്ചിരുന്നു. കേരളത്തിൽ ആദ്യമായി പാവപ്പെട്ട കുട്ടികൾക്ക് പുസ്തകവും വസ്ത്രവും ഉച്ചകഞ്ഞിയും നൽകാൻ മേലധികാരികളിൽ സമ്മർദ്ദം ചെലുത്തിയതും ചാവറയച്ചനാണ്. കർമ്മലീത്താസഭയും സന്യാസിനീസമൂഹവും കേരളത്തിൽ സ്ഥാപിച്ച് ആത്മീയ അടിത്തറ ഉറപ്പുള്ളതാക്കിയതും ചാവറയച്ചനാണ്. സാഹിത്യകാരനും ദീർഘദർശിയും കാലത്തിനു മുമ്പേ നടന്ന കർമ്മയോഗിയുമായിരുന്നു ചാവറയച്ചൻ.

വിശ്രമരഹിതമായ അധ്വാനത്താൽ 66-ാമത്തെ വയസിൽ ശാരീരിക ക്ഷീണവും നേത്ര രോഗവും പിടിപ്പെട്ട് ഗുരുതരാവസ്ഥയിലായ ചാവറയച്ചൻ 1871 ജനുവരി 2-ാം തിയ്യതി പൂർണ്ണ കുമ്പസാരം നടത്തി. പിറ്റേദിവസം 1871 ജനുവരി 3-ാം തിയ്യതി തന്റെ സ്വർഗീയ സമ്മാനം വാങ്ങാൻ ഈ ലോകത്തിൽ നിന്നും യാത്രയായി. 1986 ഫെബ്രുവരി 8ന് പോപ്പ് ജോൺ പോൾ രണ്ടാമൻ, ചാവറയച്ചനെ വാഴ്ത്തപ്പെട്ടവരുടെ പദവിയിലേക്കുയർത്തി.

ദൈവസേവനത്തിൽ നിരന്തരം തൽപരനായിരുന്ന വാഴ്ത്തപ്പെട്ട ചാവറയച്ചൻ പാവപ്പെട്ടവരുടെ ഉന്നമനത്തിനായി യത്നിക്കണമെന്ന് നമ്മോട് ആഹ്വാനം ചെയ്യുന്നു. ജനുവരി 3-ാം തിയ്യതി ചാവറയച്ചന്റെ തിരുനാൾ ആഘോഷിക്കുന്നു. ■

## വെള്ളിയാഴ്ച ആചരണം തിരുക്കർമ്മങ്ങൾ ഏറ്റെടുത്തവർ

| | | |
|---|---|---|
| ജനുവരി | 3 | തെറ്റയിൽ ആൽബർട്ട് ജോഫിയ |
| | 10 | പന്തലിപാടൻ ജോസ് സിജോ |
| | 17 | കുറ്റിക്കാടൻ ജോസ് ഭാര്യ ഓമന |
| | 24 | കിഴക്കൂടൻ ബഞ്ചമിൻ ജോസഫ് |
| | 31 | ചെറുവത്തൂർ ഷൈൻ ആന്റണി |
| ഫെബ്രുവരി | 7 | കൊരുമ്പേരി ആന്റണി ജീവൻ |
| | 14 | പുത്തൂർ അനുപമ റോജി |
| | 21 | പീണിക്ക ജോർജ് ഭാര്യ സിസിലി |
| | 28 | തൊമ്മാന സിജു പോൾ |

# നവനിർമ്മിത ദൈവാലയം

# രജതജൂബിലി നിറവിൽ

## 1989 Feb.05 - 2014 Feb.05

### ജൂബിലി കാലയളവിൽ സേവനമനുഷ്ഠിച്ച ബഹു. വൈദികർ



റവ. ഫാ. ആന്റണി
കിഴക്കൂടൻ (Late) (1985)



റവ. ഫാ. ആന്റണി
മഞ്ഞളി (1990)



റവ. ഫാ. ജെയിംസ്
കവലക്കാട്ട് (1991)



റവ. ഫാ. സെബാസ്റ്റ്യൻ
വലിയവീട്ടിൽ (1994)



റവ. ഫാ. തോമസ്
പാറേക്കാടൻ(Late) (1996)



റവ. ഫാ. ജോർജ്ജ്
കാളൻ (1999)



റവ. ഫാ. ഡേവിസ്
തട്ടിൽ (2002)



റവ. ഡോ. വർഗ്ഗീസ്
പാലത്തിങ്കൽ (2004)



റവ. ഫാ. അഡ്വ. തോമസ്
പുതുശ്ശേരി (2007)




റവ. ഡോ. സെബാസ്റ്റ്യൻ
പഞ്ഞിക്കാരൻ (2010 ജനുവരി)



റവ. ഡോ. ജോജി
കല്ലിങ്ങൽ(2010മെയ്)



റവ. ഫാ. ജോസ്
മാളിയേക്കൽ (2013)



റവ. ഫാ. ആന്റണി
തേക്കാനത്ത് (1975)



റവ. ഫാ. സിറിയക്ക്
വടക്കൻ (1978)

**മാപ്രാണം
ഇടവക കുടുംബം
എന്നും നിങ്ങളെ
പ്രാർത്ഥനാപൂർവ്വം
സ്മരിക്കും.**

കവിത

# ഇതാണെന്റെ അമ്മ ...

ഇതാണെന്റെ അമ്മ - മാതൃ
സ്നേഹത്തിൻ ഉറവാകുമമ്മ
ഈശോയെ താരാട്ടിത്തഴുകിയ കൈകളാൽ
മാറോടു ചേർത്തമ്മ ചൊല്ലിടുന്നു....
കുഞ്ഞേ, നീയുമെൻ സ്വന്തമല്ലേ
കണ്മണി നീയെന്റെ ജീവനല്ലേ!

അമ്മേ! മറുവാക്കൊന്നുരിയാടുവാൻ
അകതാരിലാനന്ദം ഗദ്ഗദമായ്
ആമോദമെൻ കരൾത്തുടിപ്പുകൾ പോൽ
ഒരു സ്വർഗ്ഗമെന്നുള്ളിൽ ഉണർന്നിടുന്നു....

ഇത്രമേലായെന്നെ സ്നേഹിച്ചിടാൻ - എന്റെ
എത്രയും ദയയുള്ള മാതാവേ!
എത്രയെത്ര ജന്മങ്ങൾ ജീവിച്ചു തീർക്കണം
ചിത്രവതീ നന്ദി നിനക്കേകീടാൻ!....

**— പോളി അറയ്ക്കൽ, മാപ്രാണം —**



## കഴിഞ്ഞ ലക്കം
## ക്വിസ് മത്സരവിജയി
## അനീഷ ബിജു

കുഴിമറ്റത്തിൽ വീട്,
ഇൻഫന്റ് ജീസസ് യൂണിറ്റ്



## കഴിഞ്ഞ ലക്കം കളറിംഗ് മത്സര വിജയികൾ

**എൽ.പി.വിഭാഗം**
**ആൻമരിയ ലോറൻസ്**
കരപറമ്പിൽ വീട്,
സെന്റ് മേരീസ് യൂണിറ്റ് I,
ക്ലാസ്സ് II A,





**യു.പി.വിഭാഗം**
**ആബേൽ പി. ജെയ്സൻ**
പള്ളിത്തറ വീട്,
വാ.മദർതെരേസ യൂണിറ്റ്
ക്ലാസ്സ് VI A,

# "തൃശ്ശൂർ പെരുമ"യുടെപ്രതിനിധികൾ മാപ്രാണം പള്ളിയിൽ

തൃശ്ശൂർ ജില്ലയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളും പൗരാണിക തീർത്ഥാടന കേന്ദ്രങ്ങളും ലോകത്തിന് പരിചയപ്പെടുത്തിക്കൊടുക്കുന്ന ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ പരിപാടിയായ **'തൃശ്ശൂർ പെരുമ'** യുടെ ഭാഗമായി വിവിധ രാഷ്ട്രങ്ങളിൽ നിന്നുള്ള സഞ്ചാരികളും ടൂർ ഓപ്പറേറ്റർമാരും അഭ്യന്തര ടൂറിസ്റ്റുകളും അടങ്ങുന്ന ഒരു സംഘം പ്രതിനിധികൾ 2014 ജനുവരി 9-ാം തിയ്യതി ചരിത്രപ്രസിദ്ധവും പുരാതനവുമായ മാപ്രാണം ഹോളിക്രോസ് തീർത്ഥാടന ദൈവാലയം സന്ദർശിച്ചു. ബഹു. വികാരി റവ. ഫാ. ജോസ് മാളിയേക്കലും ട്രസ്റ്റിമാരും കേന്ദ്രസമിതി പ്രസിഡണ്ടും ഇരിങ്ങാലക്കുട നഗരസഭ അദ്ധ്യക്ഷയും കൗൺസിലർമാരും ചേർന്ന് അവരെ സ്വീകരിച്ചു. പ്രതിനിധികൾ പള്ളിയും ശിലാന്തിയും മറ്റും ചുറ്റി നടന്ന് കാണുകയും പ്രത്യേകം ഒരുക്കിയിരുന്ന മ്യൂസിയം ശ്രദ്ധാപൂർവ്വം വീക്ഷിക്കുകയും ചെയ്തു. MARG ന്റെ കീഴിലുള്ള മാർഗദീപം മെഴുകുതിരിയുടെ നിർമ്മാണവും പ്രവർത്തനങ്ങളും അവർ കണ്ടു. പ്രതിനിധി സംഘത്തിന് മാർഗദീപം മെഴുകുതിരികൾ സമ്മാനമായി നൽകി. ഇവിടെ വരാൻ കഴിഞ്ഞതിലുള്ള സന്തോഷവും സംതൃപ്തിയും രേഖപ്പെടുത്തിയതിനു ശേഷമാണ് സംഘം തിരിച്ചുപോയത്.

## മതബോധന വാർഷികപരീഷ

വാർഷികപരീക്ഷയുടെ തിയ്യതിയും പാഠഭാഗങ്ങളും താഴെ ചേർക്കുന്നു.

STD 10,11,12 - ഫെബ്രുവരി 2 ഞായർ 2 p.m. - 4 p.m.

പാഠപുസ്തകങ്ങൾ 75%, വചനം എന്റെ ജീവൻ 15%, നമസ്കാരം, പാഠ്യേതര വിഷയങ്ങൾ 10%

STD 6,7,8,9 - ഫെബ്രുവരി 9 ഞായർ 2 p.m. - 4 p.m.

STD 1,2,3,4,5 - ഫെബ്രുവരി 16 ഞായർ 2 p.m. - 4 p.m.

**STD 5 മുതൽ 9 വരെ മാർക്ക് വിഭജനം**

പാഠപുസ്തകങ്ങൾ 1st ടേം 20%, 2nd ടേം 50%, വചനം എന്റെ ജീവൻ 15%, നമസ്കാരം, പാഠ്യേതര വിഷയങ്ങൾ 10% , ഇന്റേണൽ അസസ്മെന്റ് 5%

**STD 1 മുതൽ 4 വരെ മാർക്ക് വിഭജനം**

പാഠപുസ്തകങ്ങൾ 1st ടേം 20%, 2nd ടേം 60%, വചനം എന്റെ ജീവൻ 10%, ഇന്റേണൽ അസസ്മെന്റ് 10%

**ലോനപ്പൻ തട്ടിൽ മണ്ടി, ഹെഡ്മാസ്റ്റർ**



"തൃശ്ശൂർ പെരുമ" ഡെലിഗേറ്റ്സ് മാപ്രാണം പള്ളി സന്ദർശിച്ചപ്പോൾ

# സഭാവാർത്തകൾ

**സി. ഡെൽസ മരിയ FCC, മാപ്രാണം**

**1. പ്രവൃത്തിയും പ്രാർത്ഥനയും ഒന്നിച്ചു പോകണം : മാർപാപ്പ**

ക്രൈസ്തവ ജീവിതത്തിൽ പ്രാർത്ഥനയും പ്രവൃത്തിയും ഒരുമിച്ചു പോകണമെന്നും ഒന്നുമാത്രമാകുമ്പോൾ അത് അപൂർണ്ണമാകുമെന്നും ഫ്രാൻസീസ് പാപ്പ. ലോക യുവജന സംഗമത്തിന് പുറപ്പെടുന്നതിന് ദിവസങ്ങൾക്കു മുമ്പ് സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ എത്തിയ വിശ്വാസികളോട് സന്ദേശം പങ്കുവെയ്ക്കുകയായിരുന്നു പാപ്പ. പ്രാർത്ഥന കൃത്യമായ പ്രവർത്തനങ്ങളിലേക്ക് നയിക്കുന്നില്ലെങ്കിൽ അത് ഫലരഹിതവും അപൂർണവുമായി തീരും. ദൈവവുമായി പ്രാർത്ഥനയിലൂടെ സംവദിക്കുന്നത് മാത്രമല്ല സഹോദരനെ ആവശ്യങ്ങളിൽ സഹായിക്കുന്നതും പ്രാർത്ഥന തന്നെ.

**2. സി.ബി.സി.ഐ. ഫെബ്രുവരിയിൽ പാലായിൽ :**

ഇന്ത്യയിലെ കത്തോലിക്ക മെത്രാന്മാരുടെ സമ്മേളനം പാലായിൽ വെച്ച് ഫെബ്രുവരി 5 മുതൽ 12 വരെയുള്ള തിയ്യതികളിൽ നടക്കും. "സമൂഹത്തിന്റെ നവീകരണത്തിന് നവീകരിക്കപ്പെട്ട സഭ" എന്നതാണ് സമ്മേളനത്തിന്റെ മുഖ്യചർച്ചാവിഷയം.

**3. കെ.സി.ബി.സി. ഭാരവാഹികൾ :**

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പുതിയ പ്രസിഡന്റായി സീറോ മലങ്കര സഭ മേജർ ആർച്ചു ബിഷപ്പ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലിമ്മീസ് കത്തോലിക്കാബാവായെ തെരഞ്ഞെടുത്തു. ചങ്ങനാശ്ശേരി ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടത്തിനെ വൈസ് പ്രസിഡന്റായും കൊച്ചി ബിഷപ്പ് ഡോ. ജോസഫ് കരിയിലിനെ സെക്രട്ടറി ജനറലായും തെരഞ്ഞെടുത്തു.

**4. ഫ്രാൻസീസ് പാപ്പ പേഴ്സണൻ ഓഫ് ദി ഇയർ :**

ടൈം വാരികയുടെ ഈ വർഷത്തെ Person of the Year ആയി ഫ്രാൻസീസ് മാർപാപ്പയെ തിരഞ്ഞെടുത്തു. പ്രമുഖ ലോക നേതാക്കളെ മറികടന്നാണ് അദ്ദേഹം ഈ വർഷത്തെ പ്രമുഖ വ്യക്തിത്വമായത്. ഒമ്പതു മാസം കൊണ്ടുതന്നെ സഭയുടെ മുഖഛായ മാർപാപ്പ മാറ്റിയെന്ന് ടൈം വാരികയുടെ എഡിറ്റർ പറഞ്ഞു.

**5. ഫാ. പീറ്റർ ഫാബർ വിശുദ്ധ പദവിയിൽ :**

ഈശോസഭാ സ്ഥാപകനായ വി. ഇഗ്നേഷ്യസ് ലയോളയുടെ സഹപ്രവർത്തകനും ആദ്യകാല അംഗവുമായ ഫാ. പീറ്റർ ഫാബറെ വിശുദ്ധനായി നാമകരണം ചെയ്തു. 1506 – ൽ ഫ്രാൻസിൽ ജനിച്ച ഇദ്ദേഹം 1534ൽ വൈദികനായി. റോമിൽ യൂണിവേഴ്സിറ്റി പ്രൊഫസറും ദൈവശാസ്ത്രജ്ഞനുമായിരുന്ന ഫാ. പീറ്റർ ഫാബറെ, 40-ാം വയസിൽ നിര്യാതനായി. 1872 ൽ ഒമ്പതാം പീയൂസ് മാർപാപ്പ ഇദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു.

ബാലപംക്തി

# വിശ്വാസവീരന്മാർ

ക്രിസ്റ്റിപോളി ആഴ്ചങ്ങാടൻ

ഒരു വിശ്വാസി വിശുദ്ധിയോടെ ജീവിക്കണം. വിശ്വാസം ഒരു തരത്തിലുള്ള സമർപ്പണമാണ്. വിശ്വാസതീക്ഷ്ണതയിൽ ജ്വലിച്ച 16 പൂർവ്വപിതാക്കന്മാരെ ഹെബ്രായർ ലേഖനം 11-ാം അദ്ധ്യായം നമുക്ക് കാണിച്ചു തരുന്നുണ്ട്. ആ വിശ്വാസവീരന്മാരെ ഈ ബാലപംക്തിയിൽ പരിചയപ്പെടാം. വിശ്വാസം മൂലം ആബേൽ കായേന്റേതിനേക്കാൾ ശ്രേഷ്ഠമായ ബലി ദൈവത്തിനു സമർപ്പിച്ചു. വിശ്വാസം മൂലം ഹെനോക്ക് മരണം കാണാതെ സംവഹിക്കപ്പെട്ടു. നോഹ അന്നുവരെ കാണപ്പെടാതിരുന്നവയെപ്പറ്റി ദൈവം മുന്നറിയിപ്പു കൊടുത്തപ്പോൾ തന്റെ വീട്ടുകാരുടെ രക്ഷയ്ക്കുവേണ്ടി ഭയഭക്തിയോടെ പെട്ടകം നിർമ്മിച്ചത് വിശ്വാസം മൂലമാണ്. വിശ്വാസിയായതിനാലാണ് അബ്രഹാം തനിക്ക് അവകാശമായി ലഭിക്കാനുള്ള സ്ഥലത്തേക്കു പോകാൻ വിളിക്കപ്പെട്ടപ്പോൾ അനുസരിച്ചത്. പ്രായം കവിഞ്ഞിട്ടും സാറ, വിശ്വാസം മൂലം ഗർഭധാരണത്തിനുവേണ്ട ശക്തി പ്രാപിച്ചു. വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള വിശ്വാസത്താൽ ഇസഹാക്ക് യാക്കോബിനേയും ഏസാവിനേയും അനുഗ്രഹിച്ചു. യാക്കോബ് ജോസഫിന്റെ മക്കളെ ഓരോരുത്തരേയും വിശ്വാസത്തോടെ അനുഗ്രഹിച്ചു. ജോസഫ് മരിക്കുമ്പോൾ വിശ്വാസം മൂലം ഇസ്രായേൽ മക്കളുടെ പുറപ്പാടിനെ മനസ്സിൽ കണ്ടുകൊണ്ട് തന്റെ അസ്ഥികൾ എന്തുചെയ്യണമെന്ന് നിർദ്ദേശങ്ങൾ കൊടുത്തു. വിശ്വാസം മൂലം മോശയെ, അവൻ ജനിച്ചപ്പോൾ മാതാപിതാക്കന്മാർ മൂന്നുമാസത്തേക്ക് ഒളിച്ചുവച്ചു. ഗിദയോൻ, ബാറക്, സാംസൺ, ജഫ്താ, ദാവീദ്, സാമുവൽ ഈ പ്രവാചകന്മാരും വിശ്വാസത്തിലൂടെ രാജ്യങ്ങൾ പിടിച്ചടക്കി, നീതി നടപ്പാക്കി, വാഗ്ദാനങ്ങൾ സ്വീകരിച്ചു... ''വിശ്വാസം എന്നതു പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്''. (ഹെബ്രാ 11:1). ദൈവത്തിലുള്ള അടിയുറച്ച വിശ്വാസം ദൈവസ്വരം ശ്രവിക്കാനും 'ഇതാ ഞാൻ' എന്ന് പ്രത്യുത്തരമേകാനും നമ്മെ സഹായിക്കട്ടെ.

# കഴിഞ്ഞലക്കം ക്വിസ് ശരിയുത്തരങ്ങൾ

(1) ദൈവം നമ്മോടുകൂടെ, (2) മാൾട്ട ദ്വീപ്, (3) പ്രൊട്ടസ്റ്റന്റ് കവിയായ വേഡ്സ് വർത്ത് മറിയത്തോട്, (4) നവംബർ 5, (5) പൊന്തിഫെക്സ്, (6) കിലിക്യായിലെ താർസോസ്, (7) നോർക്ക, (8) 1988 ഏപ്രിൽ 30, (9) ഫ്രാൻസീസ് സേവ്യറിനോട്, (10) ഗുജറാത്തിന്റെ അതിർത്തിയിൽ നിന്നു തുടങ്ങി മഹാരാഷ്ട്ര, ഗോവ, കർണാടക, തമിഴ്നാട്, കേരളം എന്നിവിടങ്ങളിൽ പരന്നു കിടക്കുന്നു, (11) കത്തോലിക്കനും മാമ്മോദീസ സ്വീകരിച്ചിട്ടുള്ള അകത്തോലിക്കനും തമ്മിലുള്ള വിവാഹത്തെയാണ് മിശ്രവിവാഹം എന്ന

# ജാലകത്തിലൂടെ...

ജെസ്റ്റിൻ ജോസ് എം.

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ജനങ്ങൾക്കുണ്ടാകുന്ന മാരകമായ രോഗങ്ങൾക്ക് ചികിത്സാ സഹായം നൽകുക, അപകട മരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർക്ക് അടിയന്തിര ധനസഹായം നൽകുക, തൊഴിൽ കുഴപ്പം ഉണ്ടാകുമ്പോൾ ദുരിതത്തിലാകുന്ന തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കായി രൂപീകരിച്ചിട്ടുള്ളതാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി. അതിൽ നിന്നും ധനസഹായം ലഭിയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ നമുക്കു ഈ ലക്കം ചർച്ച ചെയ്യാം.

നിശ്ചിത മാതൃകയിലുള്ള അപേക്ഷ തയ്യാറാക്കി അസുഖങ്ങളുടെ കാര്യത്തിൽ 6 മാസത്തിൽ കവിയാത്ത മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതവും അപകടമരണം സംഭവിച്ചതാണെങ്കിൽ അപേക്ഷയോടൊപ്പം മരണ സർട്ടിഫിക്കറ്റ്, എഫ്.ഐ.ആർ., പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പു സഹിതവും അപേക്ഷിക്കേണ്ടതാണ്. അപേക്ഷകൾ വില്ലേജാഫീസ് മുഖാന്തിരം നൽകുന്നതാണ് ഉചിതം. താലൂക്കാഫീസ്, കളക്ടറേറ്റ് എന്നിവിടങ്ങളിലും സമർപ്പിക്കാവുന്നതാണ്. അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 20000 രൂപയ്ക്ക് താഴെയായിരിക്കണം. സാധാരണ നിലയിൽ ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സഹായം ലഭിയ്ക്കുകയുള്ളൂ. എന്നാൽ, ക്യാൻസർ, കിഡ്നി, ഹൃദയസംബന്ധമായ അസുഖങ്ങൾക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് ഒരിക്കൽ ധനസഹായം ലഭിച്ച്, രണ്ടു വർഷത്തിനുശേഷം വീണ്ടും അപേക്ഷിക്കാവുന്നതാണ്.

വലിയ തുക രോഗ ചികിത്സയ്ക്ക് ആവശ്യമായി വരുമ്പോൾ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിയ്ക്കും. ആയതിന് നിർദ്ദിഷ്ട അപേക്ഷാഫോറം പൂരിപ്പിച്ച് ഡോക്ടറുടെ സർട്ടിഫിക്കറ്റോടുകൂടി എം.പി. മുഖേന അപേക്ഷിയ്ക്കുക. പ്രധാനമന്ത്രിയുടെ ഓഫീസിലേയ്ക്ക് നേരിട്ടും അപേക്ഷ നൽകാവുന്നതാണ്.

സാമൂഹിക പ്രതിബദ്ധതാബോധമുള്ള ഏതൊരു പൗരനും ഇത്തരം നിധികളുടെ സ്വരൂപണത്തിൽ പങ്കാളിയാകേണ്ടതുണ്ട്. നമ്മുടെ കൊച്ചുസംഭാവനകൾ രാഷ്ട്ര സേവനമായി പരിണമിയ്ക്കുന്നതാണ്. ഈ സംഭാവനകൾക്ക് നികുതിയിളവുകളും ലഭ്യമാണ്.

---

**ക്വിസ് ശരിയുത്തരങ്ങൾ തുടർച്ച**

തുകൊണ്ട് സഭയുടെ കാനൻ നിയമത്തിൽ അർത്ഥമാക്കുന്നത്, (12) അപ്പത്തിന്റെ കലവറ, (13) ആത്മാർത്ഥതയും നിഷ്കളങ്കതയും സ്വന്തമാക്കിയ സാധാരണ ആട്ടിടയർക്ക്, (14) 29% (15) വി.ക്ലമന്റ് 1-ാമൻ

# ക്വിസ് മത്സരം

(1) സഭയുടെ സകല പ്രവർത്തനങ്ങളിലൂടെയും ലക്ഷ്യം വച്ചിരുന്ന രണ്ട് കാര്യങ്ങളേവ? (2) അബ്രഹാം ദൈവത്തിൽ വിശ്വസിച്ച് അത് അവന് ________ ആയി പരിഗണിക്കപ്പെട്ടു. (3) "എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്ത് വരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെ നിന്ന്" ആരുടേതാണ് ഈ വാക്കുകൾ? (4) KCBC യുടെ പുതിയ പ്രസിഡന്റ് ആര്? അദ്ദേഹം ഏത് സഭാ വിഭാഗമാണ്? (5) ചൈനീസ് സയൻസ് അക്കാദമിയിൽ വിശിഷ്ടാംഗത്വം ലഭിച്ച ഇന്ത്യൻ ശാസ്ത്രജ്ഞൻ? (6) വി.സെബസ്ത്യാനോസ് ധീര രക്തസാക്ഷിത്വം വരിച്ച വർഷമേത്? (7) 'സുവിശേഷത്തിന്റെ ആനന്ദം' എന്ന ഫ്രാൻസിസ് പാപ്പയുടെ ആദ്യത്തെ അപ്പസ്തോലിക ആഹ്വാനത്തിന്റെ ഒന്നാം അധ്യായം എന്തിനെക്കുറിച്ചാണ് വിവരിക്കുന്നത്? (8) "എല്ലാം ദൈവത്തിലാശ്രയിച്ചാണെന്നു കരുതി പ്രാർത്ഥിക്കുക. എല്ലാം നിങ്ങളിലാശ്രയിച്ചാണെന്നു കരുതി പ്രവർത്തിക്കുക" ആരുടേതാണീ വാക്കുകൾ? (9)തൃശ്ശൂർ ജില്ലയിൽ ആദ്യത്തെ ക്ലാരമഠം സ്ഥാപിതമായതെവിടെ? (10) കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരും രക്ഷപ്രാപിക്കും അദ്ധ്യായം? വാക്യം? (11) അനുദിന ദിവ്യകാരുണ്യ സ്വീകരണം നടപ്പിൽ വരുത്തിയ മാർപാപ്പ? (12) ജസ്സെയിൽ നിന്ന് ഒരു മുള പൊട്ടി പുറപ്പെടും വിജാതീയരെ ഭരിക്കാനുള്ളവൻ ഉദയം ചെയ്യും. വിജാതിയർ അവനിൽ പ്രത്യാശ വയ്ക്കും. ഏത് പ്രവാചകനാണ് ഈ വാക്കുകൾ പറഞ്ഞിട്ടുള്ളത്? (13) സമാധാനത്തിന്റെ ദൈവം ഉടൻ തന്നെ പിശാചിന് നിങ്ങളുടെ കാൽക്കീഴിലാക്കി തകർത്തുകളയും. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ. അദ്ധ്യായം? വാക്യം?

അവലംബം : ജനുവരി ലക്കം ഹോളിവോയ്സ്, കേരളസഭ, വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം : ഉത്തരങ്ങൾ വെള്ളകടലാസിലെഴുതി ഹോളിവോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തിയ്യതി 15-02-2014.

## ജനുവരി ലക്കം ക്വിസ് മത്സര വിജയി : അനിഷ ബിജു കുഴിമറ്റത്തിൽ

6 പേർ ശരിയുത്തരങ്ങൾ എഴുതി. അവരിൽ നിന്നും നറുക്കെടുത്ത് ബഹു. വികാരി റവ. ഫാ. ജോസ് മാളിയേക്കൽ വിജയിയെ പ്രഖ്യാപിച്ചു.

## ജനുവരി ലക്കം ക്വിസ് മത്സരത്തിൽ ശരിയുത്തരം എഴുതിയവർ

1. ഷാലി ജെയ്സൻ പന്തലിപ്പാടൻ- ഇൻഫന്റ് ജീസസ്, 2. റെമിൻ വിൻസെന്റ് കൂനൻ- മദർ തെരേസ, 3. അനീഷ ബിജു കുഴിമറ്റത്തിൽ- ഇൻഫന്റ് ജീസസ്, 4. ജോൺസൺ കോമ്പാറക്കാരൻ- സെന്റ് ആന്റണീസ്, 5. സോണിയ ജോൺസൺ എറാട്ടുപറമ്പിൽ- സെന്റ് മരീസ് II, 6. മേരി ജോർജ്ജ് പള്ളിത്തറ- സെന്റ് ജോൺ II.

**NB : ക്വിസ് മത്സരത്തിൽ ഒരു വീട്ടിൽ നിന്ന് ഒരു അംഗം മാത്രമേ പങ്കെടുക്കാവൂ.**

# പിന്നിട്ട ലോകം

ജെസ്റ്റോ മാമ്പിള്ളി

- ദാരുശിൽപി എളവള്ളി നാരായണാനാചാരിയുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ സമിതി പുരസ്കാരം ആർട്ടിസ്റ്റ് നമ്പൂതിരിക്ക്.
- ഇന്ത്യ അണ്ടർ - 19 ക്രിക്കറ്റ് ടീമിന്റെ ഫീൽഡിങ്ങ് കോച്ചായി ബിജു ജോർജിനെ ബിസിസിഐ നിയമിച്ചു. ദേശീയ ക്രിക്കറ്റ് അക്കാദമിയിൽ നിന്നും ലെവൽ - 3 കോച്ച് സർട്ടിഫിക്കറ്റ് കിട്ടിയ അപൂർവ്വം പരിശീലകരിൽ ഒരാളാണ് ഇദ്ദേഹം.
- പ്രശസ്ത കവിയും എഴുത്തുകാരനുമായ എം.എൻ. പാലൂരിന്റെ ആത്മകഥ 'കഥയില്ലാത്തവന്റെ കഥയ്ക്ക്' 2013 - ലെ കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം.
- നാഷണൽ ഷൂട്ടിങ്ങ് ചാമ്പ്യൻഷിപ്പിന്റെ സീനിയർ വിഭാഗത്തിൽ ആദ്യമായി മലയാളിപെൺകുട്ടി എലിസബത്ത് കോശിയ്ക്ക് സ്വർണ്ണം.
- അന്റാർട്ടിക്കയിലെ മഞ്ഞുമൂടികിടക്കുന്ന മലനിരകളിൽ വജ്രനിക്ഷേപം ഉണ്ടെന്നു സൂചന. ഈ മേഖലയിൽ ഗവേഷകർ കിംബർലൈറ്റ് ഇനം പാറ കണ്ടെത്തി. ഈ പാറ കണ്ടിടത്തെല്ലാം വജ്രം കണ്ടെത്തിയിട്ടുണ്ട്.
- ഫെഡറേഷൻ കപ്പ് ബാസ്ക്കറ്റ് ബോളിൽ പുരുഷവിഭാഗത്തിൽ കേരളത്തെ കൊച്ചി സെൻട്രൽ എക്സൈസ് പ്രതിനിധീകരിക്കും.
- പാലക്കാട് ജില്ലയിലെ സുൽത്താൻ പേട്ട ആസ്ഥാനമായി ലത്തീൻ കത്തോലിക്ക സഭയുടെ കേരളത്തിലെ 12-ാമത്തെ രൂപത നിലവിൽ വന്നു. മോൺ. പീറ്റർ അബിർ അന്തോണി സാമിയാണ് രൂപതയുടെ പ്രഥമ ബിഷപ്പ്.
- ലോക അണ്ടർ - 10 ചെസ്സിലെ ബ്ലിറ്റ്സ് മൽസരങ്ങളിൽ മലയാളി താരം നിഹാൽ സരിൻ ലോക ചാംപ്യനായി.
- മലയാളിതാരം സഞ്ജു സാംസന്റെ സെഞ്ചുറിയോടെ പാക്കിസ്ഥാനെതിരെ അണ്ടർ 19 ഏഷ്യാകപ്പ് ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യയ്ക്ക് 40 റൺസ് വിജയം.
- കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കുസാറ്റ്) ഉടൻ IIEST(ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിങ്ങ് സയൻസ് ആൻഡ് ടെക്നോളജി) ആയി മാറുമെന്ന് വൈസ് ചാൻസ്ലർ അറിയിച്ചു.
- ഗാന്ധിജി സ്റ്റഡി സെന്റർ മികച്ച ജൈവ കർഷക കുടുംബത്തിന് നൽകുന്ന കർഷക തിലക് അവാർഡ് ബിജു - രേഖ ദമ്പതികൾക്ക്.
- തദ്ദേശീയ ക്രയോജനിക് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയ GSLVD 5, ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്നു വിജയകരമായി വിക്ഷേപിച്ചു. ഇതോടെ ഇന്ത്യ ഈ സാങ്കേതികവിദ്യ സ്വന്തമാക്കിയ 6-ാമത്തെ രാജ്യമായി.
- ഖത്തർ ഓപ്പൺ ടെന്നീസിൽ റാഫേൽ നദാലിനു കിരീടം.


കവിത

# പുൽനാമ്പിൻ സ്പന്ദനം

സെമിത്തേരിപ്പറമ്പിലെ പുൽനാമ്പിനെപ്പോഴും
പരിഭവം പറയാനേ നേരമുള്ളൂ
ജനിച്ചു വളർന്ന നാൾമുതലിതുവരെ
കണ്ണീരു മാത്രമേ കണ്ടതുള്ളൂ
വലിയവൻ ചെറിയവൻ എന്നു ഭാവിച്ചവർ
ഒരുപോലുറങ്ങുന്ന മൺപ്പരപ്പിൽ
മുളപൊട്ടി വളരുന്ന പുൽനാമ്പുകൾക്കെന്നും
പരിഭവം പറയാനേ നേരമുള്ളൂ
ഇന്നലെയിതു വഴി വന്നൊരു മനുജനെ
ഇന്നീ നേരത്തു മറവു ചെയ്തു
മണിയടി നാദം ഉലഞ്ഞു കേൾക്കുമ്പോൾ
പുൽനാമ്പിൻ ഹൃദയവും തകർന്നിടുന്നു
മാതാപിതാക്കൾതൻ കല്ലറയിൽ
പൊട്ടിക്കരയുന്ന മക്കളെയും
പെറ്റു വളർത്തിയ മക്കൾതൻ കല്ലറമേൽ
തളർന്നു കിടക്കുന്ന മാതാവിനേയും
വിധവയാം പെണ്ണിൻ വിലാപങ്ങളും
വിഭാര്യാനാമച്ഛന്റെ മൗനകരച്ചിലും
ബന്ധുമിത്രാതി തൻ ഉൾനീറലും
സ്നേഹിച്ച തെറ്റിന്റെ പേരിനാലിന്നും
വെന്തുനീറുന്ന ഹൃദയങ്ങളും
കണ്ടു മനസ്സുമടുത്തുപ്പോയെനിക്കിനി
ഒന്നും കാണുവാൻ ശക്തിയില്ല.
എല്ലാം തികഞ്ഞവർ എന്നു വാഴ്ത്തുന്നവർ
നിസ്സഹായരായ് നിൽക്കുമീ ഒരേ ഒരിടം
കാഹളധ്വനി കേട്ടുണരുവാനായ്
ആത്മാക്കൾ കാത്തുകിടക്കുന്ന പുണ്യസ്ഥലം
ഇനിയും കാണുവാൻ കണ്ണിനു കരുത്തില്ല
കരയുവാനെന്നിൽ കണ്ണുനീരില്ല
അതുകൊണ്ടെന്നെ പിഴുതെടുത്തീട്ടാ...
എരിയുന്ന തീയ്യിൽ എറിഞ്ഞുകൊൾക
മരണമെന്നാസത്യം എന്നെയും പുൽകട്ടെ
ഞാനും ഇന്നിവിടെ ഓർമയാവട്ടെ...

**– ജോൺ കെ.ജെ., കോമ്പാറക്കാരൻ –**

# കളർ കൊടുക്കൂ... സമ്മാനം നേടൂ!



പേര് ..............................................................................................................

വീട്ടുപേര് ........................................................................................................

മതബോധന ക്ലാസ്സ് ...............................യൂണിറ്റ്................................................

മതബോധനം LP - UP തലത്തിലെ വിദ്യാർത്ഥികൾക്കുള്ള മത്സരം. ഹോളി വോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തീയതി **ഫെബ്രുവരി 15**

# വിവാഹം

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | വരനും വധുവും | തീയതി |
|---|---|---|---|---|
| ചക്കരക്കടവ് ബാംഗ്ലൂർ | മൂഞ്ഞേലി പഴേടത്തുപറമ്പിൽ | പോൾ+ജെസി ഔഷൻ+തങ്കമ്മ | പോൺസി ഫിലിപ്പ് | 29-12-2013 |
| മാപ്രാണം കരുവന്നൂർ | കാഞ്ഞിരക്കാടൻ പെരുമ്പുള്ളി | ജോയി+അൽഫോൻസ തോമസ്+തങ്കമ്മ | റൂബി ബ്രിട്ടോ | 05-01-2014 |
| പുറനാട്ടുകര മാപ്രാണം | ചിരിയംകണ്ടത്ത് പ്ലാക്കൽ കുറ്റിക്കാടൻ | ലോനപ്പൻ+ലിസി അബ്രഹാം+ഫിലിപ്പിന | ലെക്സി നെൽസൺ | 06-01-2014 |
| പുതുക്കാട് മാപ്രാണം | ചക്കുംപീടിക മച്ചിങ്ങൽ | ഡേവിസ്+മേരി തോമസ്+ആലീസ് | നീനു ജോബി | 12-01-2014 |
| വെണ്ടോർ മാപ്രാണം | ഉക്രാൻ നായങ്കര ചിന്നൻ | ആന്റോ+മേരി പോൾ+ഓമന | ഗ്ലീന നജീബ് | 13-01-2014 |

# മാമ്മോദീസ

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | ശിശുവിന്റെ പേര് | ജനനം | മാമ്മോദീസ |
|---|---|---|---|---|---|
| അവിട്ടത്തൂർ | പൊട്ടത്തുപറമ്പിൽ | സൈമൺ ആന്റണി+ നിമി തോമസ് | മരിയറോസ് സൈമൺ (പ്ലമേന) | 23-09-2013 | 22-12-2013 |
| മാള ഫൊറോന | കളപുരയ്ക്കൽ | ജിൻസ്+മെൽവി | ജോവാക് (സ്റ്റാനിസ്ലാവോസ് | 12-08-2013 | 29-12-2013 |
| മാപ്രാണം | പൊഴോലിപറമ്പിൽ | ബിജു പൗലോസ്+ സെബി തോമസ് | ഐറിൻ ബിജുപൗലോസ് | 24-09-2013 | 29-12-2013 |
| മാപ്രാണം | തെക്കൂടൻ | ലിജോ+ലിനി | ജുവൽ മറിയം | 02-10-2013 | 29-12-2013 |
| മാപ്രാണം | തെക്കിനിയത്ത് | ജൂഡിയത്ത് ടി.എ +തുളസി ജേക്കബ് | ആന്റണി ജെ. തെക്കിനിയത്ത് | 28-08-2013 | 29-12-2013 |
| മാപ്രാണം | മുണ്ടോക്കാരൻ | ലിന്റോ+മിനി | ആരോൺ (ജോസ്) | 04-11-2013 | 05-01-2014 |
| തലോർ | അളിക്കല | സിജോ അളിക്കല ജോണി+ ചിന്നു സിജോ | മിയറോസ് സിജോ (മേരി) | 28-12-2013 | 11-01-2014 |
| മറ്റം ഫൊറോന | കാക്കശ്ശേരി | ഹാരി ചാക്കോ+ പിങ്കി റോസ് വിൻസൻ | മാത്യു ഹാരി (ചാക്കോ) | 04-04-2013 | 12-01-2014 |

# മരണം

| പേര് | തീയതി | യൂണിറ്റ് |
|---|---|---|
| കുറ്റിക്കാടൻ ലോന അന്തോണി | 02-01-2014 | സെന്റ് ജോസഫ് യൂണിറ്റ് |

# ബൈബിൾ കലണ്ടർ : ഫെബ്രുവരി - 2014

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | | | **1**<br>യോഹ 8:39 - 47<br>1 യോഹ 5:13 - 21 |
| **2**<br>യോഹ 2:1 - 11<br>ഹെബ്രാ 7:23 - 28<br>സംഖ്യ 11:23 - 35 | **3**<br>യോഹ 5:41 - 47<br>ഗലാ 3:21 - 25 | **4**<br>മർക്കോ 3:7 - 12<br>1 യോഹ 3:18 - 24 | **5**<br>മത്താ 12:15b - 21<br>കൊളോ 2:6 - 10 | **6**<br>മർക്കോ 9:33 - 37<br>എഫേ 6:10 - 17 | **7**<br>മത്താ 5:1 - 12<br>2 തിമൊ 2:8 - 13 | **8**<br>ലൂക്കാ 11:14 - 23<br>1 കോറി 3:10 - 17 |
| **9**<br>യോഹ 3:14 - 21<br>ഹെബ്രാ 6:9 - 15<br>നിയ 18:13 - 18 | **10**<br>മത്താ 18:23 - 35<br>1 തിമൊ 2:1 - 7 | **11**<br>ലൂക്കാ 18:9 - 14<br>റോമാ 12:1 - 8 | **12**<br>മത്താ 6:1 - 4<br>റോമാ 9:19 - 29 | **13**<br>ലൂക്കാ 13:10 - 17<br>കൊളോ 1:21 - 23 | **14**<br>മത്താ 16:24 - 28<br>ഹെബ്രാ 13:7 - 9, 17 - 19 | **15**<br>മത്താ 23:1 - 12<br>1 കോറി 15:50 - 57 |
| **16**<br>യോഹ 3:22 - 31<br>ഹെബ്രാ 8:1 - 6<br>നിയ 24:14 - 22 | **17**<br>മർക്കോ 13:32 - 37<br>2 പത്രോ 3:8 - 13 | **18**<br>ലൂക്കാ 14:25 - 35<br>1 യോഹ 2:12 - 17 | **19**<br>മർക്കോ 10:35 - 45<br>1 തെസ 2:17 - 20 | **20**<br>ലൂക്കാ 5:33 - 39<br>2 പത്രോ 1:10 - 15 | **21**<br>മത്താ 25:14 - 23<br>2 കോറി 10:3 - 8 | **22**<br>മത്താ 11:20 - 24<br>2 തെസ 2:5 - 12 |
| **23**<br>മത്താ 8:5 - 13<br>1 തിമൊ 6:17 - 21<br>നിയ 14:22 - 15:4 | **24**<br>മത്താ 9:18 - 26<br>2 തെസ 3:1 - 5 | **25**<br>മത്താ 24:37 - 44<br>1 കോറി 15:20 - 28 | **26**<br>യോഹ 4:27 - 38<br>2 തിമൊ 4:1 - 6 | **27**<br>ലൂക്കാ 6:37 - 42<br>2 പത്രോ 3:14 - 18 | **28**<br>മത്താ 25:31 - 40<br>1 കോറി 15:39 - 49 | |